# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ലാഭേച്ഛക്കാരായ ക്രിസ്തുശിഷ്യരെ ഫ്രാൻസീസ് പാപ്പാ വിമർശിക്കുന്നു



പണത്തിനും സ്ഥാനമാനത്തിനുമായി ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കെ തിരെ ഫ്രാൻസീസ് പാപ്പാ തുറന്നടിച്ചിരിക്കുന്നു. "സഭയിൽ അനേകം ലാഭേച്ഛക്കാരുണ്ട്." പാപ്പാ പറഞ്ഞു. "അതുപോലെതന്നെ സ്ഥാനമാനങ്ങൾ കൊതിക്കുന്നവരും."

പണത്തിനുവേണ്ടി ക്രിസ്തുവിനെ അനുഗമിക്കുന്നത് ശരിയല്ലെന്ന് പാപ്പാ പറ ഞ്ഞു. ഇടവകയിൽനിന്നും രൂപതയിൽനിന്നും സാമ്പത്തികലാഭം ഉണ്ടാക്കാൻ ശ്രമിക്കു ന്നതും സ്കൂളിൽനിന്നും കോളേജിൽനിന്നും ആശുപത്രിയിൽനിന്നും സാമ്പത്തികനേട്ടം ഉണ്ടാ ക്കാൻ ശ്രമിക്കുന്നവരുമൊക്കെ ഈ കൂട്ടത്തിൽപെടുമെന്നും പാപ്പാ പറഞ്ഞു.

"ഒരുപാട് നല്ല ക്രിസ്ത്യാനികളെ നമുക്ക് പരിചയമുണ്ട്. എന്നാൽ പിന്നീട് നാം മനസ്സിലാക്കുന്ന അവരിൽ ചിലരൊക്കെ സാമ്പത്തികക്രമക്കേടുകൾ നടത്തിയിട്ടു ണ്ടെന്ന്: സാമ്പത്തികനേട്ടത്തിനുവേണ്ടിയായിരുന്ന അവരുടെ ശിഷ്യത്വമെന്ന്" പാപ്പാ പറഞ്ഞു.